"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - അർബൻ ഹെൽത്ത് & വെൽനസ് കേന്ദ്രങ്ങൾക്ക് ന്യായയുക്തമായ വാടക നിശ്ചയിക്കുന്നതിനായി പ്രാദേശികമായി ഒരു മോണിറ്ററിംഗ് സമിതി രൂപീകരിച്ച് ഉത്തരവാകുന്നു.

---

**തദ്ദേശ സ്വയംഭരണ(ഡി.ബി)വകുപ്പ്**

സ.ഉ.(സാധാ) നം.2558/2023/LSGD  തീയതി,തിരുവനന്തപുരം, 23-12-2023

---

പരാമർശം:- 31/08/2022 തീയതിയിലെ സ.ഉ(സാധാ) നം.2132/2022/തസ്വഭവ നമ്പർ ഉത്തരവ്.

**ഉത്തരവ്**

പ്രാഥമികാരോഗ്യ പരിരക്ഷ സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനായി പതിനഞ്ചാം ധനകാര്യ കമ്മീഷൻ അനുവദിച്ച ആരോഗ്യമേഖല ഗ്രാന്റിലെ സ്കീം 6 പ്രകാരം നഗര പ്രദേശങ്ങളിൽ പൊതു ജനങ്ങൾക്കാവശ്യമായ പ്രാഥമികാരോഗ്യ പ്രവർത്തനങ്ങൾ നടത്തുന്നതിലേയ്ക്ക് അർബൻ ഹെൽത്ത് & വെൽനസ് കേന്ദ്രങ്ങൾ തുടങ്ങുന്നതിന് തീരുമാനിച്ചിരുന്നു.

2. അർബൻ കുടുംബാരോഗ്യ കേന്ദ്രങ്ങൾ ഉള്ള മുനിസിപ്പാലിറ്റികളിലും കോർപ്പറേഷനുകളിലും ഒരു കേന്ദ്രത്തിന് പുതിയ മൂന്ന് ഹെൽത്ത് & വെൽനസ് സെന്റർ എന്ന നിരക്കിലും മറ്റ സ്ഥലങ്ങളിൽ പുതിയ രണ്ടെണ്ണമെന്ന നിരക്കിലും ഹെൽത്ത് & വെൽനസ് സെന്ററുകൾ ആരംഭിക്കുവാനും ഇതിലേക്കായി സ്വന്തമായി കെട്ടിടം കണ്ടെത്താൻ കഴിയാത്ത നഗര ഭരണ സ്ഥാപനങ്ങൾക്ക് പ്രതിമാസ വാടക 40,000/- രൂപയിൽ കവിയാത്ത കെട്ടിടങ്ങൾ കണ്ടെത്തുവാനും മാർഗ്ഗനിർദ്ദേശങ്ങൾ നൽകി പരാമർശ പ്രകാരം ഉത്തരവായിരുന്നു. ഭൂരിഭാഗം നഗര ഭരണ സ്ഥാപനങ്ങളും കണ്ടെത്തിയത് വാടക കെട്ടിടങ്ങളായിരുന്നു. ഇതിനായി വാടക നിശ്ചയിച്ച നൽകാൻ നഗര ഭരണ സ്ഥാപനങ്ങൾ തങ്ങളുടെ എഞ്ചിനീയറിംഗ് വിഭാഗം മുഖേന പി.ഡബ്ല്യൂ.ഡി നിരക്കാണ് ആശ്രയിച്ചിരുന്നത്. എന്നാൽ ഈ നിരക്ക് വളരെ കുറവാണെന്ന് ഭൂരിഭാഗം കെട്ടിട ഉടമകളും അഭിപ്രായപ്പെടുകയും നഗര ഭരണ സ്ഥാപനവുമായി കരാറിലേർപ്പെടാൻ വിസമ്മതിക്കുകയും ചെയ്തു വരുന്നതായും സെന്റർ ആരംഭിക്കുന്നതിനുള്ള പ്രവർത്തനങ്ങൾക്ക് ഒരു ഏകോപനമില്ലായ്മയും ശ്രദ്ധയിൽപ്പെട്ടു. അതിനാൽ അർബൻ ഹെൽത്ത് & വെൽനസ് സെൻറർ ആരംഭിക്കുന്നതിന് പല സ്ഥാപനങ്ങൾക്കും കഴിയാത്ത സാഹചര്യം നിലവിലുണ്ട്.

3. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. മേൽ വിവരിച്ചിരിക്കുന്ന കാര്യങ്ങൾക്ക് പരിഹാരം എന്ന നിലയ്ക്ക്, ന്യായയുക്തമായ വാടക നിശ്ചയിക്കാനുള്ള അധികാരം, പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിന് ചുമതല എന്നിവയ്ക്കായി താഴെ പറയുന്ന ഘടനയിൽ പ്രാദേശികമായി ഒരു മോണിറ്ററിംഗ് കമ്മിറ്റി രൂപീകരിച്ച് ഉത്തരവാകുന്നു.

1.മേയർ/ചെയർപേഴ്സൺ അല്ലെങ്കിൽ ഡെപ്യൂട്ടിമേയർ/ ഡെപ്യൂട്ടി ചെയർപേഴ്സൺ - അധ്യക്ഷൻ
2. ചെയർമാൻ(ആരോഗ്യ സ്റ്റാന്റിംഗ് കമ്മിറ്റി) - വൈസ് ചെയർപേഴ്സൺ
3. വാർഡ് കൗൺസിലർ (സെന്റർ ആരംഭിക്കുന്ന ബന്ധപ്പെട്ട വാർഡിലെ കൗൺസിലർ)
4. കോർപ്പറേഷൻ/മുൻസിപ്പൽ സെക്രട്ടറി - കൺവീനർ
5. മുൻസിപ്പൽ എഞ്ചിനീയർ
6. ഹെൽത്ത് ഓഫീസർ/ക്ലീൻ സിറ്റി മാനേജർ
7. ജില്ലാ പ്രോഗ്രാം മാനേജർ (NHM) - ജോയിന്റ്കൺവീനർ

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
അനിൽ കുമാർ ജി
അഡീഷണൽ സെക്രട്ടറി

1. പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്
2. ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ് (റൂറൽ)
3. ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ് (അർബൻ)
4. എല്ലാ നഗരസഭ/കോർപ്പറേഷൻ സെക്രട്ടറിമാർക്കും (പ്രിൻസിപ്പൽ ഡയറക്ടർ മുഖേന)
5. ഡയറക്ടർ, ആരോഗ്യ വകുപ്പ്
6. സ്റ്റേറ്റ് മിഷൻ ഡയറക്ടർ, നാഷണൽ ഹെൽത്ത് മിഷൻ
7. ചീഫ് എഞ്ചിനീയർ, തദ്ദേശ സ്വയംഭരണ വകുപ്പ്
8. ചെയർമാൻ, സ്റ്റേറ്റ് റിസോഴ്സ് ഗ്രൂപ്പ്
9. എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ
10. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ(എ&ഇ/ഓഡിറ്റ്) കേരള, തിരുവനന്തപുരം
11. വിവര പൊതുജനസമ്പർക്ക (വെബ്&ന്യൂ മീഡിയ) വകുപ്പ്
12. തദ്ദേശ സ്വയംഭരണ(എഫ്.എം) വകുപ്പ്
13. തദ്ദേശ സ്വയംഭരണ(ഡി.എ) വകുപ്പ്
14. ആരോഗ്യ വകുപ്പ്
15. കരുതൽ ഫയൽ (DB3/411/2023-LSGD)

ഉത്തരവിൻ പ്രകാരം

Signed by സെക്ഷൻ ഓഫീസർ

Reenamma P A

Date: 23-12-2023 12:18:34